# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 525** **24.07.2015-ൽ മറുപടിക്ക്**

## അപകട ചികിത്സാ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>" ജി.എസ്. ജയലാൽ<br>" വി. ശശി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ അപകട ചികിൽസാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) | 2011-12 മുതൽ 2014-15 വരെയുള്ള വാർഷിക പദ്ധതിയിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പരിപാടിയിൽ ട്രോമാകെയർ യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ടി പദ്ധതിയ്ക്കായുള്ള തുക 13-ാം ധനകാര്യ കമ്മീഷൻ അവാർഡായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കാരണം സംഭവിക്കുന്ന മരണങ്ങളുടെയും നിത്യ വൈകല്യങ്ങളുടെയും തോത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്ത സ്ഥലത്ത് ആദ്യം എത്തുന്ന പോലീസ് വിഭാഗത്തിന് അപകടത്തിൽപ്പെട്ട രോഗികളെ ശാസ്ത്രീയമായി പരിചരിക്കുന്നതിനും ചികിത്സാകേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി ചേർന്ന് SMILE (Seamless Medical Intervention in Life Saving & Emergencies) എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | അപകട ചികിൽസാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; ഇതുവരെ എത്ര തുക ലഭിച്ചു ; | (ബി) | ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുന്നതിനായിട്ടാണ് 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 1580 ലക്ഷം രൂപ 13-ാം ധനകാര്യ കമ്മീഷൻ അവാർഡായി ലഭിച്ചിട്ടുള്ളത്. അപകട ചികിത്സാ പദ്ധതിയ്ക്കായി തുക ലഭിച്ചിട്ടില്ല.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ അപകടത്തിൽപ്പെട്ട് എത്തുന്ന രോഗികൾക്ക് വിദഗ്ദ്ധ വൈദ്യസഹായം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ട്രോമാകെയർ സെന്റർ സ്ഥാപിക്കുവാൻ കേന്ദ്രധന സഹായമായി 2014-15 സാമ്പത്തികവർഷം 6 കോടി രൂപ ലഭിച്ചു. ടി |

| | | | |
|---|---|---|---|
| | . | | സെന്റർ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | അപകട ചികിൽസാ പദ്ധതി യിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) | ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാത്രമായിട്ടാണ് തുക ലഭിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും മാത്രമാണ് ഈ പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം ധനസഹായമായി എത്ര തുക വിതരണം ചെയ്തു ? | (ഡി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാത്രമായിട്ടാണ് 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിച്ചിട്ടുള്ളത്. എന്നാൽ അപകടത്തിൽപ്പെടുന്നവർക്കായി ആരോഗ്യവകുപ്പിൽ നിന്നും ധനസഹായങ്ങൾ ഒന്നും നൽകുന്നില്ല. |

**സെക്ഷൻ ഓഫീസർ**